# സംസ്ഥാന സോയിൽ മ്യൂസിയം

പ്രകൃതിവിഭവങ്ങളായ മണ്ണും ജലവും അശാസ്ത്രീയ പരിപാലനം കൊണ്ടും അമിതചൂഷണം മൂലവും വൻതോതിൽ ശോഷണത്തിനു വിധേയമായി കൊണ്ടിരിക്കുന്നു. ഭൂമിയുടെ നിലനിൽപ്പിനെ തന്നെ ഇത് ദോഷകരമായി ബാധിച്ചേക്കാം. മണ്ണും ജലവും പ്രകൃതിയുടെ അമൂല്യ വരദാനമാണെന്നും ഒരിക്കൽ നഷ്ടമായാൽ തിരികെ ലഭിക്കാത്തതാണെന്നും പൊതു സമൂഹത്തിന് അവബോധം സൃഷ്ടിക്കുന്നതിലൂടെ മാത്രമെ പ്രകൃതി വിഭവസംരക്ഷണം സാധ്യമാകൂ. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സംസ്ഥാനത്തെ ഭൂവിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ ശാസ്ത്രീയ വിവരശേഖരണം നടത്തുകയും മണ്ണിൻെറ രാസ-ഭൗതികസ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ അപഗ്രഥിച്ച് മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ സുസ്ഥിരവികസനം ലക്ഷ്യമിടുകയും ചെയ്യുന്നു.

വൈവിധ്യമാർന്ന ഭൂപ്രകൃതിയുള്ള കേരളത്തിലെ മണ്ണിനങ്ങൾ വളരെയേറെ വ്യത്യസ്ഥത പുലർത്തുന്നു. മണ്ണുപര്യവേക്ഷണ വിഭാഗം കേരളത്തിലെ മണ്ണിനങ്ങളെ കുറിച്ച് നടത്തിയ ശാസ്ത്രീയ പഠനങ്ങളുടെ ഫലമായി സംസ്ഥാനത്ത് വ്യാപകമായി കാണപ്പെടുന്നതും പ്രത്യേക പ്രാധാന്യമുള്ളതുമായ മണ്ണിനങ്ങളെ തിരിച്ചറിയുവാനും ശാസ്ത്രീയമായി തരംതിരിക്കുവാനും സാധിച്ചിട്ടുണ്ട്. ഇവ 'ബെഞ്ച്മാർക്ക് മണ്ണിനങ്ങൾ' എന്നറിയപ്പെടുന്നു. കേരളത്തിൽ കാണപ്പെടുന്ന വൈവിധ്യമാർന്ന പ്രധാനപ്പെട്ട എല്ലാ മണ്ണിനങ്ങളെയും പ്രകൃതിയിൽ നിലനിൽക്കുന്നതു



പോലെ തന്നെ സംക്ഷിപ്ത വിവരണത്തോടൊപ്പം ഒരു കുടക്കീഴിൽ പ്രദർശിപ്പിക്കുന്നതിനായി കേരള മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഒരുക്കിയിരിക്കുന്ന ഇന്ത്യയിലെ പ്രഥമ സോയിൽ മ്യൂസിയം 2014 ജനുവരി 1 മുതൽ . തിരുവനന്തപുരത്ത് എം.സി.റോഡിൽ പാറോട്ടുകോണം എന്ന സ്ഥലത്ത് പ്രവർത്തിച്ച് വരുന്നു. 82 മണ്ണുശ്രേണികളുടെ പരിച്ഛേദത്തിന്റെ (Soil Monolith) ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ശേഖരമാണ് ഇവിടെ ഉള്ളത്. ആകർഷകങ്ങളായ ഒട്ടേറെ പ്രദർശന വസ്തുക്കൾ ഉൾപ്പെടുത്തി നവീകരിച്ച സോയിൽ മ്യൂസിയം 2018 ജൂലൈ 30 ന് പൂർണ്ണമായി പ്രവർത്തന സജ്ജമാകും.

## ലക്ഷ്യങ്ങൾ

1. പുതുതലമുറയ്ക്ക് കേരളത്തിലെ വൈവിധ്യമാർന്ന മണ്ണിനങ്ങൾ നേരിട്ട് കണ്ടറിഞ്ഞ് മനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കുക.
2. പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവയെക്കുറിച്ച് ശാസ്ത്രീയ അറിവ് പകരുന്നതിലൂടെ അവയുടെ സമഗ്ര പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടുന്ന അവബോധം സൃഷ്ടിക്കുക.
3. പ്രാദേശിക മണ്ണ്, ജല വിഭവപരിപാലന സാധ്യതകൾ കർഷകരിലേക്ക് എത്തിക്കുക.

## മുഖ്യ ആകർഷണങ്ങൾ

### കേരളത്തിലെ പ്രധാന മണ്ണിനങ്ങളുടെ സ്ഥിര പരിഛേദികകൾ

മണ്ണ് പര്യവേക്ഷണ പഠനങ്ങളുടെ ഫലമായി കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കണ്ടെത്തിയ 82 ബെഞ്ച് മാർക്ക് മണ്ണിനങ്ങളുടെ പരിഛേദികകളും അവയുടെ ഭൂവിനിയോഗം, ഫലഭൂയിഷ്ഠത, അനുയോജ്യവിളകൾ എന്നിവ വിശദമാക്കുന്ന ലഘു വിവരണങ്ങളും പ്രദർശിപ്പിക്കുന്നു.





### മാതൃകകൾ (Live/working models)

1. സുസ്ഥിരകൃഷി
2. കേരളത്തിലെ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളും വിളസമ്പ്രദായങ്ങളും
3. മണ്ണ് മലിനീകരണം – ഉറവിടങ്ങൾ
4. മണ്ണൊലിപ്പ്
5. നിലം നികത്തൽ
6. നീർത്തട പ്രവർത്തന മാതൃക
7. സോയിൽ പൈപ്പിംഗ്
8. വിവിധ മണ്ണ് ജലസംരക്ഷണ മാർഗ്ഗങ്ങൾ
9. ജലസേചന മാർഗ്ഗങ്ങൾ
10. കുട്ടനാട്, പൊക്കാളി, കോൾ , കൈപ്പാട് എന്നീ കാർഷിക പാരിസ്ഥിതിക മേഖലകളുടെ മാതൃക

### ശേഖരം

1. കേരളത്തിലെ പ്രധാന മണ്ണിനങ്ങൾ
2. കേരളത്തിൽ കാണപ്പെടുന്ന പ്രധാന ശിലകളും ധാതുക്കളും
3. മണ്ണിലെ ഘടകങ്ങൾ (Soil separates)
4. മണ്ണ് പര്യവേക്ഷണ പഠന ഉപകരണങ്ങൾ

### ഭൂപടങ്ങൾ

1. കേരളത്തിന്റെ ധാതു ലഭ്യത ഭൂപടങ്ങൾ, ഭൂവിഞ്ജാന ഭൂപടങ്ങൾ, ഭൂപ്രകൃതിശാസ്ത്ര ഭൂപടങ്ങൾ
2. കേരളത്തിലെ വിവിധ ജില്ലകളുടെ സോയിൽ മാപ്പുകളും നീർത്തട ഭൂപടങ്ങളും

### രീതി പ്രകടനം (Method Demonstration)

1. മണ്ണിന്റെ പി.എച്ച്, ലവണാംശം നിർണ്ണയം
2. മണ്ണിന്റെ രചനാ നിർണ്ണയം
3. മണ്ണ് സാമ്പിളുകളുടെ ശേഖരണവും പരിശോധനയ്ക്ക് തയ്യാറാക്കുന്ന രീതിയും







### പ്രദർശന ഫലകങ്ങൾ

1. കേരളത്തിലെ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളും അനുവർത്തിക്കുന്ന വിള സമ്പ്രദായങ്ങളും
2. മണ്ണ് മലിനീകരണം– കാരണങ്ങൾ, ദൂഷ്യഫലങ്ങൾ, മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങൾ
3. വിളകളിലെ കീടനാശിനി അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതെങ്ങനെ
4. മണ്ണിന്റെയും മനുഷ്യന്റെയും ആരോഗ്യം
5. മണ്ണിലെ പോഷക മൂലകങ്ങൾ
6. മണ്ണ് പരിശോധന, സാമ്പിൾ ശേഖരണം
7. മണ്ണിന്റെ അമ്ലത, കാരണങ്ങൾ, പരിണിത ഫലങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ
8. മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങൾ
9. ഇന്ത്യയിലെ പ്രധാനപ്പെട്ട മണ്ണിനങ്ങൾ, മണ്ണിന്റെ വിവരശേഖരം
10. മണ്ണിലെ സൂക്ഷ്മാണുക്കളും അവയുടെ പ്രവർത്തനങ്ങളും
11. നെൽവയൽ നികത്തൽ, പാരിസ്ഥിതിക പ്രശ്നങ്ങൾ
12. റാംസർ തണ്ണീർതടങ്ങൾ, കണ്ടൽകാടുകൾ
13. മണ്ണിൻെറ എഞ്ചിനീയറിംഗ് സ്വഭാവങ്ങൾ
14. കേരളത്തിലെ വനങ്ങളും വനമണ്ണും
15. മത്സ്യകൃഷിയും മണ്ണും
16. അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്, എയ്റോ പോണിക്സ്
17. സുസ്ഥിര കൃഷി





### സോയിൽ ഇൻഫർമേഷൻ സെന്റർ

സോയിൽ മ്യൂസിയത്തിൽ സജ്ജീകരിച്ചിരിക്കുന്ന സോയിൽ ഇൻഫർമേഷൻ സെന്ററിൽ മണ്ണിനെ സംബന്ധിക്കുന്ന വിവിധ ആധികാരിക ഗ്രന്ഥങ്ങൾ, മണ്ണ് ഭൂവിഭവ റിപ്പോർട്ടുകൾ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ലഘു പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കിയിരിക്കുന്നു. സന്ദർശകർക്ക് ഇവ റഫറൻസിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

### മിനി തിയേറ്റർ

പ്രകൃതി വിഭവങ്ങളെ കുറിച്ചും അവ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും മണ്ണ് ജലസംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ഹ്രസ്വ ചിത്രങ്ങൾ സന്ദർശകർക്കായി പ്രദർശിപ്പിക്കുന്നു.

### സോയിൽ മ്യൂസിയം സന്ദർശിക്കാം

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കേരളത്തിലെ വൈവിധ്യമാർന്ന മണ്ണിനങ്ങൾ പരിചയപ്പെടാൻ സംസ്ഥാന സോയിൽ മ്യൂസിയം അവസരമൊരുക്കുന്നു.

ടിക്കറ്റ് നിരക്ക്

| | |
|---|---|
| സ്കൂൾ വിദ്യാർത്ഥികൾ | - 10 രൂപ |
| കോളേജ് വിദ്യാർത്ഥികൾ | - 15 രൂപ |
| പൊതുജനങ്ങൾ | - 25 രൂപ |

**പ്രവൃത്തി സമയം**

എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ. സന്ദർശനങ്ങൾ ഫോൺ, ഇമെയിൽ മുഖേന മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.




കേരള സർക്കാർ

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

# സംസ്ഥാന സോയിൽ മ്യൂസിയം

## കണ്ടറിഞ്ഞ്, തൊട്ടറിഞ്ഞ് അടുത്തറിഞ്ഞീടാം മണ്ണിനെ

സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി
പാറോട്ടുകോണം - തിരുവനന്തപുരം
ഫോൺ: 0471 2541776
ഇ-മെയിൽ : psc.csal@gmail.com

